ഹദീസ്

സുബൈർ കുന്ദമംഗലം

# ഹജ്ജിനു ശേഷം പുതിയൊരു ജീവിതം

عَنْ أَبِي هُرَيْرَةَ رَضِيَ الله عَنْه، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : الْعُمْرَةُ إِلَى الْعُمْرَةِ
كَفَّارَةٌ لِمَا بَيْنَهُمَا ، وَالْحَجُّ الْمَبْرُورُ لَيْسَ لَهُ جَزَاءٌ إِلاَّ الْجَنَّةُ (متفق عليه).

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) അരുളി: 'ഒരാളുടെ ഉംറ അയാളുടെ അടുത്ത ഉംറ വരെയുള്ള പാപങ്ങൾ മായ്ച്ചു കളയുന്നു. പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ മറ്റൊരു പ്രതിഫലമില്ല' (ബുഖാരി, മുസ്‌ലിം).**

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തേതാണ് ഹജ്ജ്. സാഹചര്യങ്ങളും കഴിവും ഒത്തുവന്ന ഒരു മുസ്‌ലിമിന് ജീവിതത്തിൽ ഒരിക്കലെങ്കിലും ഹജ്ജ് നിർവഹിക്കൽ നിർബന്ധമാണ്. അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന്: 'ഇസ്‌ലാം അഞ്ചു കാര്യങ്ങളിൽ പടുത്തുയർത്തപ്പെട്ടിരിക്കുന്നു. അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും മുഹമ്മദ് നബി(സ) അവന്റെ ദൂതനാണെന്നുമുള്ള ശഹാദത്ത്, നമസ്കാരം നിലനിർത്തൽ, സകാത്ത് കൊടുക്കൽ, ഹജ്ജ് നിർവഹിക്കൽ റമദാനിൽ നോമ്പനുഷ്ഠിക്കൽ' (ബുഖാരി, മുസ്‌ലിം).

ഹജ്ജ് നിർബന്ധമില്ലെന്ന് വാദിക്കുന്നവർക്ക് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല. അത്തരക്കാരുടെ സ്ഥാനം ഇസ്‌ലാമികവൃത്തത്തിനു പുറത്തായിരിക്കും. ''ആ മന്ദിരത്തിലെത്തിച്ചേരാൻ കഴിവുള്ളവർക്ക്, അവിടെ തീർഥാടനം ചെയ്യാൻ, അല്ലാഹുവിനോട് കടമയുണ്ട്. ഈ വിധി പാലിക്കാൻ വിസമ്മതിക്കുന്നവർ മനസ്സിലാക്കിക്കൊള്ളട്ടെ, അല്ലാഹു ലോകരുടെ ആശ്രയമില്ലാത്തവനാകുന്നു'' (*അൽബഖറ*: 97). ഈ സൂക്തത്തിൽ ഖുർആൻ പ്രയോഗിച്ച മൂലപദം 'കഫറ' (നിഷേധിച്ചു) എന്നാണ്. സാധ്യമായിട്ടും ഹജ്ജ് നിർവഹിക്കാതെ മരണപ്പെട്ടുപോയാലുള്ള ഗുരുതരാവസ്ഥയെ ദ്യോതിപ്പിക്കുന്നു ഈ പദം. ആരോഗ്യം, വഴിസുരക്ഷിതത്വം, വാഹനത്തിന്റെയും പാഥേയത്തിന്റെയും ലഭ്യത എന്നിവയാണ് 'ഇസ്തിത്വാഅ്' (കഴിവ്) കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ കാണാം.

ത്യാഗിവര്യരായ ഇബ്റാഹീം നബി(അ)യുടെയും കുടുംബത്തിന്റെയും വികാരോജ്ജ്വലവും ഐതിഹാസികവുമായ ജീവിതം പുനരാവിഷ്കരിക്കുകയാണ് ഹജ്ജ് കർമത്തിലൂടെ. സ്രഷ്ടാവായ അല്ലാഹുവിനു വേണ്ടി പ്രിയങ്കരമായതെന്തും സമർപ്പിക്കാൻ സന്നദ്ധനാണെന്ന് ഉച്ചൈസ്തരം പ്രഖ്യാപിക്കുകയാണ് ഹാജി. അല്ലാഹുവോടുള്ള അനുസരണയിൽ സ്വകുടുംബമോ മകനോ ഇബ്റാഹീം നബി(അ)ക്ക് തടസ്സമായില്ല. അവസാനം അല്ലാഹുവിന്റെ കൽപ്പന ശിരസ്സാവഹിച്ച് അരുമ മകനെ ബലിയറുക്കാൻ ആ പിതാവ് തയാറായി. പിതാവിന്റെ മുമ്പിൽ കഴുത്ത് നീട്ടിക്കൊടുക്കാൻ മകനും മടിച്ചില്ല. സ്വഫാ-മർവക്കിടയിലുള്ള ഓട്ടവും ബലിയുടെ ആന്തരാർഥവും ഓർമപ്പെടുത്തുന്നത് കർമനിരതരായ ഇബ്റാഹീം കുടുംബത്തെയാണ്. അതിനാൽ ഹജ്ജ് നിർവഹിച്ച് തിരിച്ചെത്തുന്ന ഭക്തനായ വിശ്വാസി ഐഹിക വിരക്തനായല്ല മടങ്ങിവരേണ്ടത്; കർമചൈതന്യം തുളുമ്പുന്ന പടനായകനായാണ്. ഹജ്ജിനെ അതിവിശിഷ്ടമായ ആരാധനയാക്കിത്തീർക്കുന്നത് സവിശേഷമായ ഈ ചലനാത്മകതയും വിപ്ലവവീര്യവുമാണ്. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബിയോട് ഒരാൾ ചോദിച്ചു: 'ഏതു കർമമാണ് അത്യുത്തമം?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിലും അവന്റെ പ്രവാചകനിലുമുള്ള വിശ്വാസം.' ചോദ്യകർത്താവ്: 'പിന്നെയേത്?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരം.' 'പിന്നെയേത്?' തിരുമേനി: 'പുണ്യകരമായ ഹജ്ജ്.'

ആത്മാർഥതയോടെ ഹജ്ജ് നിർവഹിച്ച വ്യക്തി നവജാത ശിശുവിനെപ്പോലെ നിർമലനായിരിക്കും. കാരണം, ഹജ്ജ് ഏതൊരാളുടെയും പാപക്കറകളത്രയും കഴുകിത്തുടക്കാൻ മാത്രം ശേഷിയുള്ള വിശിഷ്ട ഇബാദത്താണ്. നബി(സ) പറയുന്നു: 'സ്ത്രീസംസർഗത്തിലേർപ്പെടുകയോ, തെറ്റുകൾ പ്രവർത്തിക്കുകയോ ചെയ്യാതെ ഹജ്ജ് നിർവഹിച്ചവൻ തന്റെ മാതാവ് അവനെ പ്രസവിച്ച ദിവസത്തേതുപോലെ പാപങ്ങളിൽനിന്ന് വിരമിച്ചവനായിത്തീരും.' ഒരിക്കൽ ആഇശ(റ) തിരുദൂതരോട് ചോദിച്ചു: 'ജിഹാദിനെ അത്യുത്കൃഷ്ട കർമമായി ഞങ്ങൾ മനസ്സിലാക്കുന്നു. അതിനാൽ ഞങ്ങൾ ജിഹാദ് ചെയ്യട്ടെയോ?' അവിടുന്ന് പ്രത്യുത്തരമേകി: 'വേണ്ട, ഏറ്റവും ഉത്കൃഷ്ടമായ ജിഹാദ് പുണ്യകരമായ ഹജ്ജ് കർമമാകുന്നു.'

ലോകത്തിന്റെ അഷ്ടദിക്കുകളിൽ നിന്നും വർഷംതോറും നഗരമാതാവായ മക്കയിൽ എത്തിച്ചേരുന്ന ലക്ഷോപലക്ഷം മുസ്‌ലിംകളുടെ ആഗോളസംഗമമാണ് ഹജ്ജ്. അവിടെ ധനിക-ദരിദ്ര വ്യത്യാസമില്ല. ദേശ-ഭാഷാ-വർഗ-വർണ വൈജാത്യങ്ങളില്ല. മനുഷ്യരെല്ലാം ഒരേ ദൈവത്തിന്റെ സൃഷ്ടികൾ, ഒരേ മാതാപിതാക്കളുടെ മക്കൾ. രാജ്യാതിർത്തികളോ വൻകരകളോ അവരെ വേർതിരിക്കുന്നില്ല. ഇസ്‌ലാമിക സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും വിളംബരം കൂടിയാണ് ഈ ഒത്തുചേരൽ.